പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3500

08.11.2019-ൽ
മറുപടിയ്ക്ക്

## എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

*ചോദ്യം*
ശ്രീ.എൻ. ഷംസുദ്ദീൻ
ശ്രീ. സി.മമ്മൂട്ടി
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.കെ.എം.ഷാജി

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഇടിവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ | (എ) | ഉണ്ട്. |
| (ബി) | എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് തുടങ്ങിയ സർവ്വകലാശാലയുടെ ആദ്യ ബാച്ച് ബി.ടെക് ഫലം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ആദ്യ ബി.ടെക് ബാച്ച് പരീക്ഷാ ഫലത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ വിലയിരുത്തലുകൾ നടത്തി വരുന്നു. 23 വിവിധ എൻജിനീയറിങ്ങ് ശാഖകളിലായി 35104 വിദ്യാർത്ഥികൾ എഴുതിയ പരീക്ഷയിൽ 12803 വിദ്യാർത്ഥികൾ വിജയിച്ച വിജയശതമാനം 36.41. ഇതിൽ സർക്കാർ, എയിഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയം , സ്വകാര്യ സ്വാശ്രയ വിഭാഗങ്ങളിലെ വിജയശതമാനം യഥാക്രമം 50.9 , 56.5 , 40.9 , 32.1 ആണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിജയശതമാനം 27.3 ആണ് . |
| (സി) | ഒറ്റ കുട്ടിയേയും വിജയിപ്പിക്കാത്ത കോളേജുകളും പത്തുശതമാനം വിജയം നേടാത്ത ധാരാളം കോളേജുകളും | (സി) | പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| . | ഉണ്ടെന്നകാര്യം പ്രത്യേകം പരിശോധിക്കുമോ; | | |
| (ഡി) | സംസ്ഥാനത്തെ എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ | (ഡി) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ എഞ്ചിനീയറിംഗ് ബിരുദ പാഠ്യ പദ്ധതിയുടെ ഉള്ളടക്കവും ഘടനയും സമ്പൂർണ്ണമായി നവീകരിക്കാൻ അക്കാദമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.<br>എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല കോളേജുകളിൽ കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തിയ ശേഷമാണ് അഫിലിയേഷൻ നൽകുന്നത്.<br>ഭാരതത്തിലെ ഒന്നാം നിര സാങ്കേതിക ശാസ്ത്ര സ്ഥാപനങ്ങളിലെ വിദഗ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ കോഴ്സുകളുടെ അക്കാദമിക് നിലവാരം ഉറപ്പ് വരുത്തുന്നു. ഇതിലേക്കായി വർഷത്തിൽ രണ്ട് തവണ അക്കാദമിക് ഓഡിറ്റിംഗ് നടത്തി വരുന്നു.<br>കൂടാതെ സ്ഥാപനങ്ങൾ നടത്തുന്നതിന് എ.ഐ.സി.റ്റി.ഇ യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ